## സെന്റ് മേരീസ് സി.ജി.എച്ച്.എസ്.എസ് എറണാകുളം

**LK/2018/26038**

# തരംഗം



## ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

2020

## ഉള്ളടക്കം


എഡിറ്റോറിയൽ.....6
പ്രധാന അധ്യാപികയുടെ ആശംസ.....7
ആശംസ.....8
ആശംസ.....9
ആശംസ.....10
ആശംസ.....11
സ്വപ്നം.....13
ഞാൻ ഒരു നാൾ പോയി ഭ്രമിതൻ ആരും കാണ മടിത്തട്ടിലേക്ക്.....13
ദൈവത്തിന്റെ സമ്മാനം.....14
ഗുരുനാഥ.....15
അമ്മ.....16
മഴ.....17
ആകാശം.....18
കൂട്ടുകാരൻ.....19
മഷിക്കൂട്ടും മഷിയും.....20
പറന്നുയരാൻ.....21
എന്റെ വിദ്യാലയം.....22
മഞ്ഞുത്തുള്ളി.....23
മടിത്തട്ടിൽ.....24
അമ്മയാം പ്രകൃതി.....25
മഴ.....26
മഴ എൻ മഴ.....27
പ്രകൃതി.....28
കാത്തിരിപ്പ്.....29
കേരളം.....31
എന്റെ കാതിൽ ഉണർന്ന സ്വരം.....32
ചിത്രശലഭം.....33
അമ്മ.....34
അച്ഛനെയാണെനിക്കിഷ്ടം.....35
വലിയചന്ദ്രൻ.....36
സ്ത്രീയേ നീ എന്തിനു കരയുന്നു?.....37
സത്യസന്ധതയ്ക്ക് ഒരു സമ്മാനം.....41

മഴവിൽ നിറത്തിലെ വെള്ളരി പ്രാവുകൾ.....42
ചങ്ങാതി.....44
പിശുക്കനു കിട്ടിയ പണിക്കാരൻ.....45
എന്റെ അധ്യാപിക.....47
സൗന്ദര്യം.....48
ഒരു നീല കാപ്പയുടെ സംരക്ഷണത്തിൽ.....49
പരിസ്ഥിതി.....50
എന്റെ യാത്ര.....51
പഠനതന്ത്രങ്ങൾ.....52
വായനയും ഞാനും.....53
സ്കൂൾ പ്രവർത്തനങ്ങൾ.....55
ഔട്ട് റീച്ച് പ്രോഗ്രാം.....55
അനുബന്ധ പ്രവർത്തനങ്ങൾ.....56
പാഠ്യേതര പ്രവർത്തനങ്ങൾ.....57
ദിനാചരണങ്ങൾ.....58
വിദ്യാരംഗം കലാസാഹിത്യവേദി.....58
കായികരംഗം.....59
കലോത്സവം.....61
പ്രവൃത്തിപരിചയ രംഗം.....62
മ്യൂസിക്.....63
ടാലൻറ് ലാബ്.....64
സ്കൂൾ ബാൻഡ്.....64
ലിറ്റിൽ കൈറ്റ്സ്.....65
സ്കൂൾ വിക്കി.....66
ലൈബ്രറി.....67
വിനോദയാത്ര.....67
ഗൈഡ്സ് റെഡ് ക്രോസ്.....68
English Corner.....69
Life.....71
Trees.....72
Friendship.....73
I had a little horse.....74
Books-My life partner.....76
CLASSIFICATION OF MAGNETIC SUBSTANCES.....77
Summer holidays.....79

Honesty is the best policy....80
Supreme branch of mathematics....81
Unity is strength....83
चिड़िया....85
सूरज....86
गुलाब....87
आलसी हिरण....88
रोर और 3 बाईला....... दान....89
सुविचार....90
നന്ദി....91

## സെന്റ് മേരീസ് സി ജി എച്ച് എസ് എസ് എറണാകുളം

# തരംഗം

## ഡിജിറ്റൽ മാഗസിൻ

# LK/2018/26038

# എഡിറ്റോറിയൽ

നവ തരംഗങ്ങൾ സൃഷ്ടിക്കുന്ന വരെയാണ് ഈ ആധുനിക ലോകത്തിന് ആവശ്യം. വിവരസാങ്കേതികവിദ്യയുടെ വൈവിധ്യമേറിയ ലോകത്തിൽ തരംഗങ്ങൾ സൃഷ്ടിക്കുവാൻ ഒരുങ്ങുകയാണ് ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. ഒരു വഴിത്തിരിവായിരുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി ഡിജിറ്റൽ മാഗസിനിലൂടെ അറിവിൻറെ ചക്രവാളത്തിലേക്ക് വളരുവാൻ സെൻറ് മേരീസ് സി ജി എച്ച് എസ് ഞങ്ങൾക്ക് ഒരു അവസരം തന്നിരിക്കുന്നു.

ഇരുൾ നിറഞ്ഞ മനസ്സുകളിൽ ഉറങ്ങിക്കിടന്ന കഴിവുകൾക്ക് പുറത്തു വരുവാൻ വെളിച്ചം തകരുകയായിരുന്നു ഈ മാഗസിൻ. സ്കൂളിലെ എല്ലാവരുംതന്നെ കൃതികൾ നൽകി ഡിജിറ്റൽ മാഗസിനോട് സഹകരിച്ചു. ഈ പ്രവർത്തനത്തിന് ഭാഗമായി ഞങ്ങൾ പഠിച്ച വിവിധ സോഫ്റ്റ്‌വെയറുകൾ ഞങ്ങൾ വിനിയോഗിക്കുകയുണ്ടായി. ഈ ഡിജിറ്റൽ മാഗസിനിലൂടെ കൂടുതൽ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഞങ്ങൾ സെന്റ് മേരീസ് സി.ജി.എച്ച്.എസ്.എസ് സ്കൂളിന്റെ ഐ.ടി മേഖലയിൽ പുതിയ തരംഗങ്ങൾ സൃഷ്ടിക്കുകയായിരുന്നു.ഞങ്ങളുടെ കൃതികളിൽ ഏറ്റവും പ്രാധാന്യമേറിയത് അഭിമുഖമായിരുന്നു. 100-ന്റെ നിറവിൽ എത്തിനിൽക്കുകയാണ് ഞങ്ങളുടെ സെന്റ് മേരീസ് വിദ്യാലയം.ഈ 100 വർഷം കൊണ്ട് സെന്റ് മേരീസ് വിദ്യാലയം രചിച്ചത് അതിരുകളില്ലാതെ വിജയഗാഥയാണ്. ഈ 100 വർഷം കാലയളവിലൂടെയുള്ള ജൈത്രയാത്രയിലെ സെന്റ് മേരീസിന്റെ ഉയർച്ച താഴ്ച്ചകൾ പ്രധാന അദ്ധ്യാപിക റവ.സി.ലീന മാനുവൽ ഈ

അഭിമുഖത്തിലൂടെ പങ്കുവച്ചു.വിദ്യാർത്ഥികൾ കൂടാതെ അധ്യാപകരും എൽ കെ അംഗങ്ങളും സഹകരിച്ചു.

## എഡിറ്റോറിയൽ ബോർഡ്



# പ്രധാന അധ്യാപികയുടെ ആശംസ



## സി. ലീന മാനുവൽ, ഹെഡ്മിസ്ട്രസ്

ആധുനികയുഗത്തിൽ വിവരസാങ്കേതികവിദ്യയിൽ ഓരോ വിദ്യാർത്ഥിയും മുൻപന്തിയിൽ നിൽക്കണമെന്ന് ലക്ഷ്യത്തോടുകൂടി പൊതു വിദ്യാഭ്യാസയജ്ഞം മുന്നോട്ട് വച്ചിരിക്കുന്ന ആശയമാണ് ലിറ്റിൽ കൈറ്റ്സ്. വിദ്യാർഥികളുടെ സാങ്കേതിക പരിജ്ഞാനത്തെ എന്നെന്നും അക്ഷരക്കൂട്ടുകൾ ആയി സൂക്ഷിക്കുക എന്ന ആശയമാണ് ഡിജിറ്റൽ മാഗസിൻ എന്നത്. ഈ വിദ്യാലയത്തിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ "തരംഗം "എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ സന്തോഷിക്കുന്നു. ഇതിന് പിന്നിൽ വിദ്യാർത്ഥികളുടെ നിരന്തരമായ പരിശ്രമം, സാങ്കേതിക പരിജ്ഞാനം എന്നിവ ചിലവഴിച്ചിട്ടുണ്ട് എന്നത് പ്രസ്താവ്യമാണല്ലോ.പ്രയ വിദ്യാർ ത്തികളെ വിരൽ തുമ്പിൽ വിരിയുന്ന ഈ അക്ഷരം വിരുന്ന് നമ്മുടെ വിദ്യാലയത്തെ വർത്തമാനകാലത്തിന്റെ സാങ്കേതിക വിദ്യകളിലേക്ക് നയിക്കുകയാണ് .ഈ സംരംഭത്തിന് വിജയാശംസകൾ നേരുന്നു "തരംഗം" ഒരു വിജയമാകട്ടെ.

# ആശംസ



**സംജ്ഞാ ജോസഫ്** SITC

അറിവിന്റെ അനന്തവിഹായസിൽ വിവരസാങ്കേതികവിദ്യയുടെ ചിറകിലേറി പാറി പറക്കുകയാണ് സെന്റ് മേരീസ് വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ്. ഈ കുട്ടി കൂട്ടത്തിൻറെ പുതിയ സംരംഭമായ "തരംഗം" ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സാങ്കേതിക ,സർഗ്ഗാത്മക വാസനകൾക്ക് മുതൽക്കൂട്ടാവട്ടെ എന്ന് ആശംസിക്കുന്നു.

ഭാവുകങ്ങളോടെ

# ആശംസ



മറിയമ്മടീച്ചർ

ആധുനികലോകത്തിൽ വിവരസാങ്കേതിക വിലയുടെ വൈവിധ്യമേറിയ കൈവഴികളിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്ന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഒരു സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. സൈബർ ലോകത്തിന്റെ ചതികുഴികളിൽ വീഴാതെ നല്ല ഭാവി പൗരൻമാരെ വാർത്തെടുക്കാൻ തീർച്ചയായും ഇത്തരമൊരു കൂട്ടായ്മക്ക് സാധിക്കും. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സർഗാത്മകതയെ വളർത്തുന്ന ഒരു ഉൽപ്രേരകമാണ് ഡിജിറ്റൽ മാഗസിൻ എന്നു തന്നെ പറയാം. കഥകളും കവിതകളും
ലേഖനങ്ങലും ചിത്രങ്ങളും മറ്റും ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിക്കുമ്പോൾ അതു ചെയ്യുന്നവർക്കു മാത്രമല്ല വായിക്കുന്നവർക്കു കൂടി പ്രജോതനം നൽകുന്നു. എറണാകുളം സെന്റ് മേരീസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഡിജിറ്റൽ മാഗസിനായ "തരംഗത്തിന്" ന് ഭാവുകങ്ങൾ നേരുന്നതിനോടൊപ്പം ഇതിന്റെ പിന്നിൽ പ്രവർ ത്തിച്ച എല്ലാവർക്കും വിവരസാങ്കേതികവ്ദ്യ ഏറ്റവും ഫലപ്രതമായി കൈകാര്യം ചെയ്യാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .

# ആശംസ



സിസ്റ്റർ ഗ്രേസ് ലിൻ

പ്രിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ,

പൊതു വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്ന പുരോഗമനപരമായ മുന്നേറ്റങ്ങളിൽ കാലത്തിന്റെ മാറ്റങ്ങൾക്കൊപ്പം മാറ്റത്തിന്റെ ചുവടുവെയ്പ്പിൽ മുൻനിരയിൽ നിൽക്കുന്ന സംഘടനയാണ് ലിറ്റിൽ കൈറ്റ്സ്.വിവരസാങ്കേതിക വിദ്യയിൽ അതിവേഗം ബഹുദൂരം പിന്നിടുന്ന പുതിയ തലമുറയ്ക്ക് സുസ്ഥിരമായ ഒരടിത്തറ പാകുന്നതിന് ലിറ്റിൽ കൈറ്റ്സ് സഹായകമാകുന്നു.പേപ്പറും പേനയുമില്ലാതെ എക്കാലവും ഓർമ്മിച്ച് വയ്ക്കാൻ തങ്ങളിലെ സർഗ്ഗശേഷികളെ പോഷിപ്പിക്കാൻ ഉതകുന്ന ഡിജിറ്റൽ മാഗസിൻ ഈ വർഷവുംതയ്യാറാക്കുന്നു എന്നതിൽ സന്തോഷം.ഇതിനു വേണ്ടി വിദ്യാർത്ഥികൾസമയം കണ്ടെത്തിയെന്നതും അഭിനന്ദനാർഹം തന്നെ ഇതിനായി അധ്വാനിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.



# ആശംസ

സി.ലൗലി

ഇന്നത്തെ ഹൈടെക് യുഗത്തിൽ ലിറ്റിൽ കൈറ്റ്സിൽ അംഗമായ കുട്ടികൾക്ക് കമ്പ്യൂട്ടർ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നതിൽ ഏറെ സന്തോഷം. ഏറെ പ്രത്യേകമായി ഇവർ മൊബൈൽ ആപ്പ്സ്, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, വീഡിയോ ഡോക്യുമെൻറ്റേഷൻ എന്നിവയിൽ പ്രത്യേക പരിശീലനം ലഭിക്കുന്നു.ലിറ്റിൽ കൈറ്റ്സിലെ കുട്ടികളാണ് കമ്പ്യൂട്ടറുകളിൽ ചെറിയ ചെറിയ പ്രശ്നങ്ങളുടെ ടെക്നിക്കൽ ഇഷ്യൂസ് കൈകാര്യം ചെയ്യുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ സഹായം സ്കൂളിന് തന്നെ ഒരു അനുഗ്രഹമാണ്. കുട്ടികളുടെ സർഗവാസനകളെ പുറത്തുകൊണ്ടുവരാൻ തയ്യാറാക്കുന്ന തരംഗം എന്ന ഇ- മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. തരംഗം എന്ന ഇ-മാഗസിൻ കുട്ടികളുടെ തന്നെ കൂട്ടായ്മയും ,സഹകരണവും വർദ്ധിക്കുവാൻ ഇടയായതിൽ സന്തോഷം. കൊച്ചു കൂട്ടുകാർക്ക് എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.

# കവിതകൾ.....

# സ്വപ്നം

ഞാൻ ഒരു നാൾ പോയി ഭൂമിതൻ ആരും  കാണ മടിത്തട്ടിലേക്ക് .......

പൂക്കൾ മലകൾ കുന്നുകൾ
എന്റെ മിഴികളെ വിസ്മയിപ്പിച്ചു
ഇതൊരു സ്വപ്നമോ അതോ മായമോ
പ്രകൃതിയുടെ കുന്തലാം കാനനത്തിൽ
ഞാൻ ഊഞ്ഞാലാടി



നിലാവിന്റെ വെളിച്ചത്തിൽ നിറഞ്ഞ
എന്റെ ഭൂമി എത്ര ഐശ്വര്യപൂർണ്ണം
പിന്നെ ഞാൻ അറിവും
ഇതെല്ലാം ഒരു സ്വപ്നം മാത്രമെന്ന്....



അഖിത എസ്.

# ദൈവത്തിന്റെ സമ്മാനം



പ്രകൃതിയേ ശ്രദ്ധിക്കുക
ദൈവത്തിൻെറ മനോഹരമായ
കൈയൊപ്പ് കാണാം
പ്രകൃതി ദൈവത്തിൻെറ

അത്ഭുതമായ സമ്മാനമാണ്
പ്രകൃതിയേ ആസ്വദിക്കൂ
പ്രകൃതി ദൈവത്തിൻെറ
അത്ഭുതമായ സമ്മാനമാണ്

**അപർണ മരിയ**



# ഗുരുനാഥ



അറിവാകും അക്ഷരം

ആദ്യമായി എന്നുള്ളിൽ

അലിവോടെ തന്ന അദ്ധ്യാപിക

അറിവിൻറെ വിജ്ഞാന

സാഗരം താണ്ടുവാൻ

കനിവിൽ പഠിപ്പിച്ച അധ്യാപിക

ഒരു സ്നേഹസാഗരം

ഒളിപ്പിച്ച ഈ ലോക കാഴ്ചകൾ

കാട്ടിത്തരുന്നതും

കൊച്ചു കഥകളും

പാട്ടും കവിതയും


ഓതി പഠിപ്പിച്ച് എന്നെയും...........

തൊട്ടു നമിച്ചിടാൻ

ഒട്ടു മോഹിപ്പൂ ഞാൻ

നിത്യം കെടാത്ത വെളിച്ചമാം

തൃപ്പാദപങ്കജം



അർച്ചന എൻ ആർ

# അമ്മ



നമുക്ക് ജന്മം നൽകി

സ്നേഹം കൊണ്ട് പൊതിഞ്ഞു

ലോകത്തിൽ ഒരു ഒരു കുട്ടിക്കും

അമ്മയെ മറക്കാൻ കഴിയില്ല

അമ്മ സ്നേഹമാണ്, സ്നേഹത്തിന്റെ മറുമുഖം

അമ്മ കുടുംബത്തിലെ വിളക്കാണ്

പ്രകാശം കൊണ്ട് നിറയ്ക്കുന്ന വിളക്ക്



ഡയാന ലില്ലി

# മഴ



ഇനി ഞാൻ ജനിക്കുമെങ്കിൽ

അത് മഴയായിട്ടായിരിക്കും

മേഘങ്ങൾക്കിടയിലും

നക്ഷത്രങ്ങൾക്കിടയിലും

ഞാൻ എന്നും വസിക്കും

നക്ഷത്രങ്ങളിൽ ഞാൻ സഞ്ചാരം നടത്തും

ചന്ദ്രനിൽ നോക്കി സ്വപ്നങ്ങൾ ഞാൻ പണിതുയർത്തും

ഞാൻ എന്നും ആ ലോകത്ത് സന്തോഷവതിയായിരിക്കും



അലീന റീത്താ

# ആകാശം



*സൂര്യനും ചന്ദ്രനും താരകളും*
*മിന്നിതിളങ്ങുന്ന ഗേഹമത്*
*ശ്വേതനിറത്തിലെ മേഖങ്ങളും*
*ഓടിക്കളിക്കുന്ന ആകാശം*

*നീലനിറം കൊണ്ട് ചായമടിച്ച*
*കടലിന്റെ അപരനാം ആകാശമേ*
*പല നിറം മാറി വിസ്മയിപ്പിച്ച നിൻ*
*കളിയെന്തു ഭംഗിയാണ്*
*അതു കാണാൻ ഭംഗിയാണ്......*

*ആൻ ക്ലാര പി.എസ്.*

# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ

കൂടി തേടിയണഞ്ഞൊരു

കുഞ്ഞാറ്റകിളി



കാറ്റിനോട് കഥ മെനഞ്ഞു

കടലിനോട് കളി പറഞ്ഞു

കാടായ കാടെല്ലാം ,മേടായ മേടല്ലാം

കണ്ണാരം പൊത്തി കളിച്ച ,

കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി

കെക്കാരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചിചിലച്ചും

കിളിരറിയിക്കാതെ

കവിൾ ചേർത്തുറക്കിയും

കനിവിന്റെ കനിവാമെന്റെ


കരളിന്യരെ കരളായ

കളിക്കൂട്ടുക്കാരൻ



ആൻ മരിയ റെജി

# മഷിക്കുട്ടം മഷിയും



എന്നെ എഴുതി എഴുതി ...

നിങ്ങൾ വളർന്നു പട്ടും

പുടവയും പുരസ്കാരങ്ങളും നേടി

മഷി ഒഴിഞ്ഞപ്പോൾ

ജനാല പുറത്തേക്ക്

ഞാൻ വലിച്ചെറിയപ്പെട്ടു

മഷി വർണ്ണങ്ങളായി

വീണ്ടും പുസ്തകത്തിൽ

നിറഞ്ഞു പകരാൻ

ഒരിക്കൽ മഷിക്ക് ജീവൻ

നൽകിയ....

ഞാനിന്ന് ചപ്പുചവറ്

കുനകൾക്കിടയിൽ

മഷിയെ ധ്യാനിക്കുന്നു

മഷി എന്നെ....

ഓർക്കുന്നുണ്ടാവുമോ.......?



**ഗീതിക ഷൈജൻ**

# പറന്നുയരാൻ

ഒരു കിളിയേ പോൽ പറന്നുയരാൻ

എനിക്ക് മോഹം...



ആകാശം മേലേ ആഴങ്ങൾ മീതേ

ഞാൻ പറന്നേ പോയി

സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി

പറക്കാനോ എനിക്ക് മോഹം

സ്വാതന്ത്ര്യത്തിനു ചിറകുകൾ നൽകി

ഉയരാൻ എനിക്ക് മോഹം .

ചിറകാർന്നുയർന്ന് വാനിൽ....

മനമൂയലാടുന്ന കാലം സ്വന്തമാക്കാൻ

ഞാനിതാ പറന്നുയരുന്നു വാനിലേക്ക്......



ആൻ മരിയ കെ . ജെ

# എന്റെ വിദ്യാലയം




**വി**ദ്യ  പകർന്നിടും വിദ്യാലയം
കഴിവ്  ഉണർത്തിടും വിദ്യാലയം
കൂട്ടുകൂടി കളിച്ചു നടന്നതും
പുസ്തകം നോക്കി പഠിച്ചു വളർന്നതും
വിദ്യാലയത്തിൽ എൻ വിദ്യാലയത്തിൽ

സ്നേഹത്തിൻ  മുത്തുകൾ പൊഴിയുന്നിടമാണ്
എന്നും എന്നും എൻെറ  വിദ്യാലയം
സൗഹൃദ കൂടാണ് വിദ്യാലയം
അറിവിൻെറ പാതയിൽ നിറദീപമെത്തുന്ന
വഴികാട്ടിയാണെന്റെ വിദ്യാലയം

പുതിയ പലതും പഠിച്ചിടുന്നു നമ്മൾ
പുതിയൊരു കാലേ പണിയുയർത്താം
മുത്തുചിപ്പിയിൽ നിന്നും അടരുന്ന
മുത്തുകൾ പോലെ നാം വിദ്യാർഥികൾ
മുത്തുചിപ്പികളാണേൽ അദ്യാപകരും
പൂവിൻെറ മൊട്ടുകൾ വിടർന്നിടുന്നു
സ്നേഹം,സൗഹൃദം,ജ്ഞാനം
വിദ്യാലയത്തിൻ ഗുണമതോർത്താൽ  ഒത്തിരി
ഒത്തിരി ഉണ്ടതോർത്താൽ
ഇഷ്ടമാണൊത്തിരി വിദ്യാലയം
മറക്കില്ലൊരിക്കലും വിദ്യാലയം
മറക്കില്ലൊരിക്കലും അദ്യാപകരേ
മറക്കില്ലൊരിക്കലും വിദ്യാലയം
വിദ്യാലയം ,വിദ്യാലയം...

എയിഞ്ജൽ മേരി വർഗ്ഗീസ്

# മഞ്ഞുത്തുള്ളി



പ്രഭാത്തിലെ കുഞ്ഞു മഞ്ഞു തുള്ളി
മര ചില്ലയിൽ പാത്തു പാത്തിരുന്ന
മര ചില്ലയിൽ പാത്തു പാത്തിരുന്ന
പുഷ്പമായ് പൂവിടാം
പൂക്കളാം പുലരിയിൽ
പുഷ്പമായ് പൂവിടാം
പൂക്കളാം പുലരിയിൽ
ശലഭമായ് പാറിടാം
എനിക്കു മോഹം




അപർണ എ.എ

# മടിത്തട്ടിൽ.....



സൂര്യന്റെ വെയിലേറ്റ കിടക്കുന്ന
ഇലകളോട് ഞാനിന്ന ചോദിപ്പു
എവിടെയെന്റെ ഗൃഹം
കാനനശയ്യയിൽ ഓടിനടക്കും
മാൻപേടകളോട് ഞാൻ തേടുന്നു
എവിടെയെൻ ഗൃഹം
നറുമലരിന്റെ തേൻ നുകരുന്ന
കാർവണ്ടുകൾക്കുമറിയില്ല
അന്ത്യത്തിൽ ഞാനറിവൂ
എൻ ഗൃഹം എൻ അമ്മതൻ
ഓമന മടിത്തട്ടിലെന്ന്.....



ഡിസ്റ്റീന റോഡ്രിഗ്സ്

.

# അമ്മയാം പ്രകൃതി



എൻ പ്രിയ അമ്മയാം
പ്രകൃതിയെ നിനക്കെന്തേ ഇത്ര
സൗന്ദര്യം.......................
എന്തുകൊണ്ടാണ് നിനക്കിത്ര
നിഷ്കളങ്കത......................
എത്ര തന്നെ നിന്നെ
നോവിച്ചാലും പകരം
നീ തരുന്നത് സ്നേഹം മാത്രം
എന്നും ഒരു സ്നേഹ-
നിധിയാം ഒരമ്മ നീയെ
സഹനശീലയാം ഒരി
അദ്ധ്യാപിക നീയെ തായേ...........
നേർനഴി കാട്ടും
ദൈവം നീയേ തായേ...............



മേരി കീർത്തന

# മഴ



മാനത്തുനിന്ന് പെയ്യുന്ന
ദൈവവരദാനമേ നീ ......
നൂലായി പെയ്യുന്ന നിന്നെ
കാണാൻ എന്തൊരു ചന്തം
സർവജീവജാലങ്ങൾക്കും
കുളിരേകും പ്രകൃതിയുടെ
സ്നേഹവരദാനം നീയേ ......
ജീവന്റെ ആധാരം നീയേ ......
സ്നേഹനിധിയാം പ്രകൃതിവരദാനമേ
.....
ഭൂമിതൻ സൗന്ദര്യം നിലനിർത്തും
പ്രതിഭാസം നീയേ .......
വരിവരിയായി പെയ്യ്തിറങ്ങും
മഴയേ നീ സുന്ദരി .......
സർവർക്കും പ്രിയങ്കരി
നീയേ .....



**മിൽവിയ സെബാസ്റ്റിൻ**

# മഴ എൻ മഴ......



മഴ......എൻ......മഴ
എൻ ചാരെ വന്നീടും മഴ
മഴയെ....എൻ....മഴയെ
നിന്നെ കാണുവാൻ എൻ
ഹൃദയം തുടിക്കുന്നു വല്ലാതെ
മഴയായി എൻ അരികിൽ
എത്തീടും ഓരോ തുള്ളിയിലും
ഞാൻ എൻ ഹൃദയത്തിൻ
തുടിപ്പുകൾ അറിഞ്ഞീടുന്നു
മഴ......എൻ......മഴ
എൻ ചാരെ വന്നീടും മഴ
എൻ ചാരെ വന്നീടും മഴ



സാനിയ സെലിൻ



# പ്രകൃതി

പ്രകൃതിയാകുന്ന അമ്മേ നിൻ
മടിത്തട്ടിൽ ഞാൻ അണയുന്നു
നിൻ ഭാവം മാറ്റങ്ങളിൽ എൻറെ
ഹൃദയം പൊള്ളുന്നു
സൗന്ദര്യം നിറഞ്ഞൊഴുകുന്ന
പ്രകൃതിയെ ആരും നോക്കിയിരുന്നു പോകും
സ്ഥിരമായി നിലനിൽക്കാത്ത
നിൻറെ ഭംഗി ഓരോ നിമിഷവും
മാറിക്കൊണ്ടിരിക്കുന്നു എന്നാലും
ആ സൗന്ദര്യം ഞാൻ ആസ്വദിക്കുന്നു
രാത്രിയിലെ നിലാവെളിച്ചത്തിൽ
പുഴകൾ ഒഴുകുന്നത് പളുങ്ക് മണി പോലെയാണ്
നക്ഷത്രങ്ങൾ മേഘങ്ങൾക്കിടയിലൂടെ
ഒളിച്ചുകളിക്കുന്നു
ജ്വലിച്ചുനിൽക്കുന്ന സൂര്യനെ
കാണാൻ അതിലും ഭംഗി.
ഇളംകാറ്റ് ചെടികളെയും
തട്ടി തലോടി പോകുന്നു.
എൻ ജന്മാന്തര പുണ്യം
ഈ ഭംഗി ആസ്വദിക്കാൻ കഴിഞ്ഞത്



ഷെഹനാസ് പി.എൻ

# കാത്തിരിപ്പ്




ആർത്തിരമ്പും ജീവിത സാഗരമേ

ആർത്തിയോടെ ഞാനിപ്പോ നിശ്ചലം

കേൾക്കുന്നു അമ്മയെന്നൊരു പിൻവിളി

ഓർക്കുന്നു ഞാൻ വെറുതെ എന്നറിഞ്ഞിട്ടും

കിഴക്കേച്ചെരിവിൽ ഇരുളും വിളിച്ചതും

കിന്നാരം ചൊല്ലും നേരം, പകലും ചാലിച്ച്

കുങ്കുമ ചായയിൽ തെളിയും മിന്നലായി

കൺതുറന്ന വെളിച്ചം ആദ്യമായെൻ ജീവാംശമായി......

കിലുകിലെ പാദസ്വര സ്വപ്നങ്ങളാൽ

കലപില ആക്കിയാൽ വീണ്ടും തൊടികളും

വളർന്നവൾ നേടി പല വിദ്യകൾ

അഴകിൽ അറിവിൽ അവൾ രാജ്ഞിയായി

കലാലയത്തിൽ കണ്മണിയാണ് അവൾ

എൻ മനസ്സിൽ അമൃത് നിറച്ച് അവൾ

ഒരുനാൾ പുസ്തകസഞ്ചി തൂക്കി

പോയി വരാം അമ്മ വേഗം എന്നോതി

പടിവാതിൽ ചാരി അവൾ തിരിഞ്ഞു നിന്നു

വീണ്ടും തിരിഞ്ഞോടി വന്നവൾ

ഗാഢമായി പുണർന്ന് എന്നെ മനം കുളിർക്കെ

മൂർദ്ധാവിൽ ചുംബിച്ചു ഞാൻ

മനസ്സിൽ ആളി ഒരു തീക്കടൽ

മറഞ്ഞു നിൽക്കുന്നു ഒരു പേ നായ

മരക്കൊമ്പിൽ ഉണ്ടോ ഒരു കഴുകൻ തിരനോട്ടം

എവിടെയെന്ന് മകൾ തിരിച്ചു വന്നില്ല ഇതുനാൾ

കാത്തിരിക്കുന്നു ഞാൻ ഒരു പിൻ വിളിക്കായ്

ഷലഭാ വി.ജെ

# കേരളം



കേരളം കേരളം

മനോഹരം മനോഹരം

പുണ്യ കേരളം പുണ്യ കേരളം

പരിപാവനം പരിപാവനം

വിശ്വമോഹന ഹൃദയ സംസ്കൃതി ഒത്തുചേർന്ന ഒരു കേരളം

ഒന്നുചേർന്ന കേരളം

നിത്യ ഭാസുരാ  വേദ ചാരുത പൂത്തുലഞ്ഞ കേരളം

ജാതിവേഷ  മതാന്തചിന്തകൾ

മാഞ്ഞുപോയൊരു കേരളം

സത്യ ധാർമിക മൂല്യം സംസ്കൃതം ഇവിടെ സനാതനം



എഡ്നാ മേരി


# എന്റെ കാതിൽ ഉണർന്ന സ്വരം



സംഗീതം എന്റെ കാതുകളിൽ ഉണർന്ന
മനസിന്റെ ഇടനാഴികളിൽ നിന്നും

ഒരു പുതുമയുള്ള സ്വരം
സംഗീതത്തിന്റെ ആനന്ദത്തിൽ
ലയിച്ചു മയങ്ങി എന്റെ കണ്ണുകൾ


സ്നേഹ സ്പർശമായി സംഗീതം എന്റെ
മനസിനെ കുളിർ പാകി
ആസു വർണ്ണ ലിപികൾ
ഞാൻ ഇന്നും ഓർക്കുന്നു



ആദ്യ എസ് ബൈജു

# ചിത്രശലഭം

ഏറെ നാളുകൾ പുഴുവായി കഴിഞ്ഞ്
ഒരു നാൾ
സൂര്യനുദിച്ചപ്പോൾ
അഴക് നിറയും ചിറകുകളാൽ
പാറി പാറി നടന്ന്
തേൻ നുകരുന്ന
ചിത്രശലഭമേ................
നിൻ സൗന്ദര്യം എത്ര മനോഹരം
അത് നുകരാൻ എനിക്ക് കഴിഞ്ഞെങ്കിൽ



അടീനാ റോയ്

# അമ്മ



എന്റെ നെഞ്ചിന്റെ
ഓരോ താളമാണ് എൻ അമ്മ
എന്റെ കൂടെ ഒരു
കൂട്ടുകാരിയായി യുണ്ടെൻന്നമ്മ
ഞാനൊന്നു കരയുമ്പോൾ
എൻമാറോടണയുമെന്നമ്മ
എനിക്കായി കഥകൾ
ചൊല്ലിത്തരുമെന്നമ്മ
എൻ സ്നേഹമാണെന്നമ്മ.



ഹന്ന ലില്ലി

# അച്ഛനെയാണെനിക്കിഷ്ടം...



വായിച്ചതിൽ ഏറ്റവും നല്ല പുസ്തകം അമ്മയാണെങ്കിലും

വായിക്കാൻ വെളിച്ചം പകർന്നു തന്നത് അച്ഛനായിരുന്നു.

മക്കൾക്ക് വേണ്ടി സ്വന്തം ജീവിതം ത്യാഗമായ് നൽകുന്ന അച്ഛൻ

മക്കൾക്കായി സ്വന്തം സ്വപ്നങ്ങൾ മറന്ന്

വിയർപ്പുതുള്ളികൾ മണ്ണിൽ അലിയിച്ച് ജീവൻ പകർത്തു നൽകുന്നു.

സ്വന്തം സന്തോഷങ്ങൾക്ക് പുറമേ മക്കൾ തൻ

സന്തോഷം കാണാൻ കൊതിക്കുന്നു....

മക്കൾ തൻ വിഷമം കണ്ട് ആരും കാണാതെ ഉള്ളിൽ കരയുന്നു

മക്കൾ തന്നെ നല്ല ഭാവിയെ മനസ്സിൽ കണ്ടു

വേദനകളെല്ലാം ഉള്ളിലൊതുക്കി വെന്തുരുകുന്നു

ആ അച്ഛനെയാണ് എനിക്കിഷ്ടം........................



ലെന ഷിജു

# വലിയചന്ദ്രൻ



*ചന്ദ്രാ ചന്ദ്രാ വലിയ ചന്ദ്രാ*
*മിന്നി തിളങ്ങുന്ന ചന്ദ്രാ*
*മേഘത്തിനൊപ്പം നീങ്ങുന്നചന്ദ്രാ*
*എന്നെയൊളിക്കുന്നതെന്താ ചന്ദ്രാ*

*വലിയ വട്ടത്തിൽ കാണുന്ന ചന്ദ്രാ*
*തീക്കട്ട പോലെ തിളങ്ങുന്ന ചന്ദ്രാ*
*നിന്നെ തൊട്ടാൽ പൊള്ളുമൊ ചന്ദ്*
*ഇടക്കിടക്ക് ചെറുതാക്കുന്ന പൂർണ്ണ ചന്ദ്രാ*

*നിന്നെ കാണാം കണ്ണാടിപുഴയിൽ*
*നിന്നെ കാണാം പാതിരാവിൽ*
*നിന്നെ കാണാം എല്ലാ കുളങ്ങളിലും*
*വീടിൻെറ ജനാലകളിലും.*



*മെറിൻ സൈമൺ*

# സ്ത്രീയേ നീ എന്തിനു കരയുന്നു?

സ്ത്രീയേ നീ എന്തിനു കരയുന്നു?

കരയാൻ ഇത്രമാത്രം കണ്ണീർ നിനക്കെവിടെ നിന്ന്?

നിന്റെ കണ്ണോ കലുഷിതമയ കടലിനുതുടവം

അതോ നീ ഒരു കണ്ണുനീർ തുള്ളിയോ?

അന്ന് ഹന്ന  കരഞ്ഞു ഒരോമനകുഞ്ഞിനായി

റാഫേൽ കരഞ്ഞു പുത്ര വിയോഗത്തിൻ നീറ്റൽ

ഇന്നും നീ കരയുന്നു ..............

നിന്റെ കണ്ണുനീർ കാണുവാൻ ആർക്കു കഴിയും?

എങ്കിലും സ്ത്രീയേ,

നിന്നോടു ഞാൻ ചോദിക്കും ,

"നീ എന്തിനു കരയുന്നു”?



*നന്ദന സാജൻ*

# ***കഥകൾ ...***

# അച്ഛന്റെ ശ്രീക്കുട്ടൻ



മംഗലത്ത് വീട്ടിലെ ഉണ്ണികൃഷ്ണൻ നായരുടെയും ലക്ഷ്മിയുടെയും മകനാണ് രാഘവൻ നായർ. മംഗലത്ത് തറവാട്ടിലെ ഇപ്പോഴത്തെ അവകാശി അദ്ദേഹമാണ്. അച്ഛനുമമ്മയും ആയിരുന്നു തേൻ രാഘവൻ നായർക്കും ഭാര്യ സുമിത്രയ്ക്കും കുട്ടികൾ ഉണ്ടായിരുന്നില്ല. ഒരുപാട് വഴിപാടുകൾ കഴിച്ചതിനുശേഷം ഭഗവാൻ അവർക്ക് നൽകിയ സമ്മാനമാണ് രോഹിണി നക്ഷത്രത്തിൽ ജനിച്ച ശ്രീക്കുട്ടൻ രാഗവൻ നായർക്കും സുമിത്രയ്ക്കും സന്തോഷമായി.

ശ്രീക്കുട്ടൻ അഞ്ചു വയസ്സായി. അച്ഛനും അമ്മയും ആയിരുന്നു അവൻറെ ഏറ്റവും അടുത്ത കൂട്ടുകാർ വൈകുന്നേരം അമ്മയോടൊപ്പം നാമം ചൊല്ലും. പിന്നീട് അച്ഛൻറെ നെഞ്ചിൽ കിടന്ന് കഥ കേൾക്കും. ശ്രീക്കുട്ടൻ വളരെ ദയാലുവും വിവേകവുമുള്ളവനായിരുന്നു . കുട്ടിക്കാലത്തുതന്നെ അവൻറെ സ്വഭാവസവിശേഷതകൾ കണ്ടു അവൻറെ മാതാപിതാക്കൾ ഒരുപാട് സന്തോഷിച്ചു. ശ്രീക്കുട്ടൻ ഇപ്പോൾ കോളേജിൽ എത്തി . രാഗവൻ നായർക്ക് പേടിയായിരുന്നു തൻറെ മകൻ ചീത്ത കൂട്ടുകെട്ടിൽ അകപ്പെട്ടു പോകുമോ എന്ന്. മകനിൽ ഉള്ള അടിയുറച്ച വിശ്വാസം കൊണ്ട് അദ്ദേഹം

അനുഗ്രഹിച്ച് പറഞ്ഞയച്ചു. അവൻ നന്നായി പഠിച്ചു. അപ്പോഴും അവൻ അച്ഛനെ മറന്നില്ല . അവൻ തൻറെ സന്തോഷവും ദുഃഖവും അച്ഛനോട് പങ്കുവച്ചു. പരീക്ഷയ്ക്ക് മൂന്നുദിവസം കൂടിയേ ഉള്ളൂ ശ്രീക്കുട്ടൻ അച്ഛൻ മരിച്ച വാർത്ത അറിഞ്ഞത് അമ്മ അച്ഛൻ എഴുതിയ ഡയറി ധൈര്യം പകർന്ന പരീക്ഷ അവൻ നന്നായി എഴുതി. ശ്രീക്കുട്ടൻ ഉയർന്ന മാർക്കോടെ വിജയിച്ചു ഇപ്പോൾ ശ്രീക്കുട്ടൻ കളക്ടറാണ്. അവൻ തൻറെ ശീലങ്ങൾ മാറ്റിയില്ല. അപ്പോഴും അച്ഛനോട് അവൻ എല്ലാം പങ്കുവെച്ചു. ഒരു വേദിയിൽ വെച്ച് ശ്രീക്കുട്ടൻ ഇങ്ങനെ പറഞ്ഞു "അച്ഛനാണ് എന്റെ ലോകം എന്റെ ധൈര്യം എന്റെ വഴികാട്ടി എന്നും" അവൻറെ കണ്ണുകൾ നിറഞ്ഞു.



അനുശ്രീ എം.എ

# സത്യസന്ധതയ്ക്ക് ഒരു സമ്മാനം

ഒരു ഈസ്റ്റർ ദിനത്തിൽ സാന്ദ്ര തന്റെ പ്രിയ കൂട്ടുകാർക്ക് നിറം നൽകിയ ഈസ്റ്റർ മുട്ടകൾ നൽകാമെന്ന് പറഞ്ഞിരുന്നു. അമ്മയുടെ കൈയിൽ നിന്ന്പണം മോഷ്ടിക്കാൻ അവർക്ക് സാധിക്കില്ല കാരണം അവൾ സത്യസന്ധയായിരുന്നു. പക്ഷേ,സാന്ദ്രയുടെ ചില കൂട്ടുകാർ മാതാപിതാക്കളുടെ പണം മോഷ്ടിച്ച് കാര്യങ്ങൾ സാധിക്കുമായിരുന്നു. അവൾ അമ്മയുടെ അടുത്ത് ചെന്ന് മുട്ട വാങ്ങിച്ചു കൊടുക്കുവാൻ കുറച്ച് പണം തരുമോ എന്ന് ചോദിച്ചു, പക്ഷേ അമ്മയുടെ കൈയ്യിൽ പണമില്ലായിരുന്നു. അവൾ തന്റെ കുടുക്ക പൊട്ടിച്ചു നോക്കി അതിൽ ഏതാനും നാണയതുട്ടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ നാണയങ്ങൾ കൊണ്ട് മുട്ട വാങ്ങാൻ സാധിക്കില്ലായിരുന്നു. അവൾ എങ്ങോട്ടെന്നില്ലാതെ റോഡിലൂടെ നടന്നു ,അവളുടെ മനസ്സ് നിറയെ സങ്കടമായിരുന്നു. ആ സമയത്ത് അവളുടെ മുൻപിലൂടെ നടന്നു നീങ്ങിയ ആന്റിയുടെ കൈയിലെ പേഴ്സ് താഴെ വീഴുന്നത് അവൾ കണ്ടു. അവൾ ഓടിച്ചെന്ന് പേഴ്സ് എടുത്ത് ആന്റിക്ക് കൊടുത്തു. തന്റെ കൂട്ടുകാർക്ക് മുട്ട നൽകിയില്ലെന്ന വിഷമത്തെ കാൾ നല്ല കാര്യം ചെയ്തതിൽ അവൾ സന്തോഷിച്ചു. അവൾ തിരിച്ച് നടക്കാൻ ഒരുങ്ങിയപ്പോൾ ആ ആന്റി തന്റെ കൈയ്യിലിരുന്ന ഈസ്റ്റർ മുട്ടകൾ നൽകി. തന്റെ സത്യസന്ധതയ്ക്ക് കിട്ടിയ സമ്മാനം സന്തോഷത്തോടെ സ്വീകരിച്ചു. ആ നിറം നൽകിയ മുട്ടകൾ അവൾ തന്റെ കൂട്ടുകാർക്ക് നൽകി. അന്ന് അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ഈസ്റ്റർ ആയിരുന്നു.



അനശ്വര ദേവസ്സി

# മഴവിൽ നിറത്തിലെ വെള്ളരി പ്രാവുകൾ

ഒരിടത്ത് ഒരു കാട്ടിൽ ഒരു പുളിമരത്തിൽ നല്ല ഭംഗിയുള്ള വെള്ളരിപ്രാവ് ഉണ്ടായിരുന്നു. അതിന് തൊട്ടടുത്ത് ഒരു മാവിൽ കുയിലും ഉണ്ടായിരുന്നു. അവർ നല്ല കൂട്ടുകാരാണ്. ഒരു ദിവസം അവർ പറഞ്ഞു നടക്കുമ്പോൾ ഒരു മരം കണ്ടു പ്രാവ് പറഞ്ഞു നമുക്ക് രണ്ടുപേർക്കും ഇവിടെ താമസിക്കാം. അത് കുയിലിനു ഇഷ്ടമായി കുറച്ചുനാൾ കഴിഞ്ഞ് കുയിലിന് തോന്നി ആ മരം ഞാൻ സ്വന്തമാക്കിയാൽ കൊള്ളാം ആയിരിക്കുമെന്ന്. കുയിൽ പ്രാവിന്റെ അടുത്ത് പറഞ്ഞു ഈ മരം എനിക്ക് വേണം,നീ വേറെ മരം അന്വേഷിച്ച് പ്രാവിന് വിഷമമായി പെട്ടെന്ന് കാവിന് ഒരു ബുദ്ധി തോന്നി പ്രാവ് കുയിൽ അടുത്ത് പറഞ്ഞു ,നമുക്ക് ഒരു മത്സരം വെക്കാം അതിൽ ജയിക്കുന്ന ആൾക്ക് സ്വന്തം .

കുയിൽ സമ്മതിച്ചു ആ മത്സരം ഇതായിരുന്നു. നാളെ വൈകുന്നേരം ആരാണ് ഏറ്റവും സുന്ദരിയായി മരത്തിൽ വരുന്നത്, അവരാണ് വിജയി. അന്ന് രാത്രി നല്ല മഴ പെയ്തു രാവിലെയും മഴ തുടർന്നു. പ്രാവ് രാവിലെ കൂടിന് പുറത്തിറങ്ങിയപ്പോൾ തെന്നി താഴെയുള്ള ചെളി കുളത്തിൽ

വീണു. പ്രാവിന്റെ ദേഹത്ത് മുഴുവനും ചെളിയായി. കുയിൽ അതുകണ്ട് സന്തോഷിച്ചു. പ്രാവ് വിഷമിച്ച് മഴയത്ത് പറന്നുപോയി. പ്രാവ് നല്ല വെള്ളത്തിൽ മുങ്ങി ദേഹത്തെ ചെളിയ എല്ലാം കളഞ്ഞു. ഉച്ചയായപ്പോൾ മഴ നിന്നു. പ്രാവിന്റെ ദേഹം വെയിലത്ത് ഉണങ്ങി, വീട്ടിലെത്തി. തിരികെ പറന്നു പോകുമ്പോൾ ഒരു മഴവിൽ കണ്ടു .അറിയാതെ അതിനുളിലൂടെ പ്രാവ് പറന്നു. പ്രാവിന്റെ ദേഹം മുഴുവൻ മഴവിൽ നിറം ആയി,പ്രാവ് മത്സരത്തിൽ വിജയിച്ചു. കുയിൽ വിഷമിച്ച് മരത്തിൽനിന്ന് പറന്നുപോയി ആ മരം പ്രാവിനെ സ്വന്തമായി കൂടാതെ വെള്ളരിപ്രാവ് മഴവിൽ പ്രാവ് ആയി മാറി.



ദേവപ്രിയ എസ്

# ചങ്ങാതി

ഒരിടത്ത് ഒരിക്കൽ ഒരു താറാവ് ജീവിച്ചിരുന്നു. പുഴ കടന്ന് കുറച്ചകലെ ഒരു കൃഷിക്കാരൻ മൃഗങ്ങളേയും പക്ഷികളേയും വളർത്തുന്നുണ്ടായിരുന്നു താറാവ്, കോഴി മുതലായ പക്ഷികൾ ഉണ്ടായിരുന്നു ആ കർഷകന്. ഒരു ചെറിയ പൂച്ചക്കുട്ടിയും ഉണ്ടായിരുന്നു. വർഷങ്ങൾ കടന്നു പോയി, അവിടെ ജീവിച്ചിരുന്ന താറാവ് മുട്ടയിട്ടു .ചെറിയ പൂച്ചയും വലുതായി .താറാവ് മുട്ടയിൽ അടയിരുന്നു മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരാൻ തുടങ്ങി ,ഓമനത്തമുള്ള 5 താറാവുകൾ.

അങ്ങനെയിരിക്കെ ഒരിക്കൽ അമ്മ താറാവ്. കുഞ്ഞുങ്ങളെ നീന്തൽ പരിശീലിപ്പിക്കാൻ പുഴയിലേക്ക് കൊണ്ടുപോയി. അഞ്ചാമത്തെ താറാവ് കുഞ്ഞ് ഒഴികെ ബാക്കിഎല്ലാം വരിവരിയായി നീതി പോയി. ആ താറാവ് കുഞ്ഞ് വെള്ളത്തിൽ മുങ്ങാൻ തുടങ്ങി അതിന്റെ നിലവിളി അമ്മതാറാവ് കേട്ടില്ല. ഇങ്ങനെയിരിക്കെ പുഴയിൽ മീൻ അന്വേഷിച്ചുവന്ന പൂച്ച അവിടെ വെള്ളത്തിൽ കുമളകൾ കണ്ടു .ഏറെ തവണ നോക്കി കാര്യം പിടികിട്ടിയില്ല മീൻ ആയിരിക്കും എന്ന് കരുതി നോക്കിനിന്നു. അപ്പോഴാ അതാ വലിയ മുതല വാ തുറന്ന് വരുന്നു. മുതലയെ കണ്ട് പേടിച്ച് ഓടിയ പൂച്ച പിന്നെ ആ വഴി വന്നില്ല. അങ്ങനെയിരിക്കെ താറാവ് അമ്മയും കുട്ടികളും തിരിച്ചുവരുന്നു. വരിവരിയായാണ് വരവ്. അഞ്ചാമത്തെ താറാവ് തന്റെ ഉറ്റ സുഹൃത്താണ് അവനെ പൂച്ച കണ്ടില്ല. പൂച്ച അവനെ അന്വേഷിച്ചു അതാ താറാവ് വെള്ളത്തിൽ കരയുകയാണ് .നോക്കിയപ്പോഴോ, ഒരു മുതല ഉന്നം വെച്ച് വരുന്നു. പൂച്ചയ്ക്ക് വെള്ളം പേടിയാണ് എന്നാൽ അതൊന്നും നോക്കാതെ താറാവിനെ ആ പൂച്ച രക്ഷിച്ചു.

**സത്യസന്ധമായ ചെങ്ങാത്തം**

**നിങ്ങളെ ഏതു പ്രതിസന്ധിഘട്ടത്തിലും നിന്നും രക്ഷിക്കും.**



ഗൗരി എം കുമാർ

# പിശുക്കനു കിട്ടിയ പണിക്കാരൻ

പണ്ട് പണ്ട് സ്കോട്ടലന്റിലെ ഒരു കുഗ്രാമത്തിൽ ഒരു പിശുക്കനായ മുതലാളി താമസിച്ചിരുന്നു. ജോലി ചെയ്താൽ കൂലി കൊടുക്കാതിരിക്കുകയാണ് മുതലാളി ചെയ്യുന്നത്. കൊടുക്കാതെ ജോലി ചെയ്യാൻ പറ്റിയ ആളെ തേടി മുതലാളി ചന്തയിൽ എത്തി. അപ്പോഴാണ് ജൂവാൻ എന്ന കുട്ടിയെ കണ്ടത് "ഈ ചെറുക്കനെ കൂലി കൊടുക്കാതെ പറ്റിക്കാം"മുതലാളി വിചാരിച്ചു. ജവാൻ മുതലാളിയുടെ പിശുക്കിനെക്കുറിച്ച് കേട്ടിരുന്നു. മുതലാളി നേരെ ജൂവാന്റെ അടുത്തെത്തി ജോലിക്ക് വരാൻ പറഞ്ഞു അവൻ ഒന്ന് ആലോചിച്ചിട്ട പറഞ്ഞു വരാം പക്ഷേ ചില നിർബന്ധങ്ങൾ ഉണ്ട് മുതലാളി എല്ലാം സമ്മതിച്ചു. ഇരുവരും വീട്ടിലെത്തി മുതലാളി ജോലി ചെയ്യാൻ പറഞ്ഞു ആദ്യദിവസം എല്ലാം ചെയ്തു. പക്ഷെ രണ്ടാം ദിവസം മുതൽ ജൂവാൻ ഒന്നും ചെയ്തില്ല മുതലാളി ദേഷ്യം പൂട് അവനോട് ചോദിച്ചു നീ എന്താ ഒന്നും ചെയ്യാത്തത്. എനിക്ക് ഒരു ആവശ്യവുമില്ല നിങ്ങൾ പറയുന്നത് കേൾക്കാൻ, ജൂവാൻ കാര്യങ്ങൾ പറഞ്ഞ് മുതലാളിയെ മനസ്സിലാക്കി മുതലാളിയുടെ പിശുക്ക് കുറഞ്ഞു.



മറിയം അലീന

# ലേഖനങ്ങൾ...



# എന്റെ അധ്യാപിക



പ്രപഞ്ചത്തിൽ ദൈവം സ്രഷ്ടിച്ച കാര്യങ്ങൾ തന്റെ മക്കളെ പഠിപ്പിക്കാനായി ദൈവം തെരഞ്ഞെടുത്ത പരിശീലനകളരിയാണ് വിദ്യാലയം ആ വിദ്യാലയത്തിലെ ആയുധങ്ങളാണ് പുസ്തകങ്ങൾ. പുസ്തകങ്ങളിലെ വസ്തുതകൾ നമ്മുക്ക് മനസിലാക്കി തരുവാൻ ദൈവം അയച്ചിരിക്കുന്നു ദൈവത്തിന്റെ പ്രതിധികളാണ് അധ്യാപകർ.അധ്യാപനം ഒരു വിളിയാണ്.അധ്യാപകർ ഇല്ലായിരുന്നെങ്കിൽ ഒന്നും വായിക്കാൻ നമ്മുക്ക് കഴിയില്ലായിരുന്നു നമ്മുടെ പേരുപോലും എഴുതാൻ കഴിയില്ലായിരുന്നു. കാരണം, അക്ഷരങ്ങൾ നൽകുന്ന അറിവിന്റെ ലോകത്തിലേക്ക് ദൈവം നമ്മെ നയിച്ചത് അധ്യാപകരിലുടെയാണ്. ഒരിക്കലും മരിക്കാത്ത സനാതന സത്യങ്ങളും അറിവുകളും നമ്മളെ ആത്മാവിലും മനസ്സിലും ചിന്തയിലും ബുദ്ധിയിലും കൊത്തിവയ്ക്കിന്നു കലാകാരികളായ അധ്യാപകർ. അജ്ഞതയാകുന്ന കനത്ത അന്ധകാരത്തിൽ നിന്ന അറിവിന്റെ പ്രശാന്തമായ വെളിച്ചത്തിലേക്ക് നിങ്ങളെ സ്നേഹപൂർവം നടത്തിക്കൊണ്ടിരിക്കുന്നു വഴിവിളക്കുകളാണ് അധ്യാപകർ.



റോസ് മരിയ

# സൗന്ദര്യം

കറുത്ത മേഘങ്ങൾക്കും മിന്നിതിളങ്ങുന്ന താരകങ്ങൾക്കുമിടയിൽ ഒളിഞ്ഞിരിക്കുന്ന ചന്ദ്രനെയാണെനിക്കിഷ്ടം ഏറെ നേരം ഞാൻ ജനൽ പാളികളുടെ ഇടയിലൂടെ നോക്കി നിൽക്കാറുണ്ട്.കണ്ടിട്ടും കണ്ടിട്ടും മതിവരുന്നില്ല .

മരചില്ലകളുടെ ഇടയിലൂടെ കാണുന്ന അമ്പിളി മാമനെ കാണാൻ വളരെ സുന്ദരമാണ്. പലപ്പോഴും എന്നെ നോക്കി പുഞ്ചിര്ക്കുന്നതായി തോന്നാറുണ്ട് തണുത്ത കാറ്റ് വീശുമ്പോൾ മേഘങ്ങൾ ചന്ദ്രനെ ഒളിപ്പിക്കാറുണ്ട്. എന്നെ പിൻതുടരുന്നതായി അനുഭവപ്പെടുന്നു .





*കെസിയ എം സി*

# ഒരു നീല കാപ്പയുടെ സംരക്ഷണത്തിൽ

സെൻറ് മേരീസ് സിജിഎച്ച്എസ് സ്കൂളിൻറെ ചരിത്രം എടുത്തു നോക്കുകയാണെങ്കിൽ പരിശുദ്ധ അമ്മയുടെ സംരക്ഷണം അനുഭവിക്കാൻ സാധിക്കും. സെൻറ് മേരീസ് അങ്കണത്തിൽ നിന്നും പഠനം പൂർത്തീകരിച്ച് ഇറങ്ങിപ്പോയ ഏതൊരാൾക്കും മൂന്ന് എത്രയും ദയയുള്ള മാതാവേ എന്ന ആ മഹനീയമായ പ്രാർത്ഥനയുടെ വില മനസ്സിലാക്കാൻ സാധിക്കും. ജാതി മത ഭേദമന്യേ എല്ലാവരും ഒന്നുപോലെ ഉരുവിട്ട ആ നാമം സെൻറ് മേരീസിനെ ഒരിക്കലും കൈവെടിയുകയില്ല. നൂറു വർഷം പൂർത്തിയാക്കിയതിൻറെ ആ സന്തോഷം പങ്കുവയ്ക്കുമ്പോൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം പറയാതിരിക്കാൻ സാധിക്കുകയില്ല. സെൻറ് മേരീസ് വിദ്യാലയത്തെ ഇക്കാലമത്രയും നീല കാപ്പയിൽ പൊതിഞ്ഞ് സംരക്ഷിച്ച് ആ സ്വർഗ്ഗീയ അമ്മയുടെ മാധ്യസ്ഥ തന്നെ ഒരായിരം നന്ദി. പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥം തേടുന്ന ഒരാളെയും അമ്മ കൈവെടിയുകയില്ല. അമ്മയുടെ ആ സ്നേഹം അനുഭവവേദ്യമാക്കാൻ ഉള്ള ഒരു വേദി സെൻമേരിസ് വിദ്യാലയം നൽകുന്നു.



അമേയ സെബാസ്റ്റ്യൻ

# പരിസ്ഥിതി

നമ്മുടെ ചുറ്റുപ്പാടുമുള്ള പരിസരം മാലിന്യവും,പ്ലാസ്റ്റിക്കും കൊണ്ട് നിറയുകയാണ്.മനുഷ്യൻ മാലിന്യക്കുംബാരത്തിൻെറ നടുവിൽ ജീവിക്കാൻ പഠിച്ച് കഴിഞ്ഞിരിക്കുന്നു.ഇത് മനുഷ്യവർഗത്തിൻെറ നിലനിൽപ്പിനു തന്നെ ഭാതിക്കുന്ന ഒരു വലിയ പ്റശ്നമാണ്.നാം വസിക്കുന്ന ഭൂമിയുടെയും കഥ വിഭിന്നമല്ല.നാം ഭൂമിയെ ഒരുക്കണക്കിന് മാലിന്യം കൊണ്ട് വിയർപ്പുമുട്ടിക്കുകയാണ്.തോടു കള്ളും കായലുകളും എന്തിനധികം കുളിക്കാനുള്ള കുള്ളത്തിൽ പോലും പ്ലാസ്റ്റിക്ക് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ്.നടു റോഡുകള്ളിൽ തുപ്പിയും,പിന്നെ പുതിയ പരിഷ്ക്കാരങ്ങളും നഗരത്തിൽ കൊണ്ടുവന്നിരിക്കുന്നു.പരിസ്ഥിതി മലിനീകരത്തെ പറ്റി ജനങ്ങളെ ബോധവാൻമാരാക്കാൻ എല്ലാ വർഷവും ജ്ൂൺ 5-ാം തീയതി നാം ആചരിക്കുന്നത്.

അതുപോലെ തന്നെ ഭൂമി നേരിടുന്ന മറ്റൊരു പ്റശ്നമാണ് ആഗോളതാപനം.പുതുതലമുറയിലുള്ള കുട്ടികളെ മണ്ണ് എന്താണെന്നറിയാതെയാണ് മാതാപിതാക്കന്മാർ കുട്ടികളെ വളർത്തുന്നത്. ഇങ്ങനെ പ്റകൃതിയിൽ ഉണ്ടാകുന്ന ദുരന്തങ്ങളാണ് ആഗോളതാപനവും,പരിസ്ഥിതിമലിനീകരണവും.അതുകൊണ്ട് പരമാവധി മരംനട്ടുപിടിപ്പിച്ച് നല്ല ഒരു പ്റകൃതിയാക്കി മാറ്റാം.





നീരജ രാജു

# എന്റെ യാത്ര

ഒരിക്കൽ ഞങ്ങൾ തിരുവനന്തപുരത്തക്ക് പോയി. രണ്ടു ദിവസമാണ് ഞങ്ങൾ പോകാൻ തിരുമാനിച്ചത്.ഞങ്ങൾ അഞ്ച് പേരാണ് പോയത് .ഞാൻ ,അച്ഛൻ ,അമ്മ, അനിയത്തി,മുത്തശ്ശി. ഞങ്ങൾ അവിടെ ഒത്തിരി കാര്യങ്ങൾ കണ്ടു . തീർത്തും രസകരമായിരുന്നു ഞങ്ങളുടെ യാത്ര . രണ്ടു ദിവസത്തിൽ ഞങ്ങൾ കണ്ട കാര്യങ്ങൾ അത്ഭുതം തന്നെയായിരുന്നു. ഞങ്ങൾ മാജിക് പ്ലാനറ്റ് സന്ദർശിച്ചു . അവിടെ പഴയ കാല മാജിക്ക് ചെയ്യുന്നവരുടെ പ്രതിമകൾ കണ്ടു . രണ്ടു ദിവസത്തിനു ശേഷം മടങ്ങിയപ്പോൾ എനിക്ക് വല്ലാതെ വിഷമം തോന്നി ഒത്തിരി സങ്കടത്തോടെ ഞാൻ അവിടെ വിട്ട് വീട്ടിലേക്ക് വന്നു .



സെയ്നബ




# പഠനതന്ത്രങ്ങൾ

- പഠിക്കാൻ കാറ്റും വെളിച്ചവുമുള്ള സ്ഥലം തെരഞ്ഞെടുക്കുക
- പഠന സ്ഥലത്ത് പല വിചാരങ്ങളും ഉള്ള വസ്തുക്കൾ വേണ്ട
- പഠിക്കാൻ പറ്റിയ സമയം രാവിലെയും വൈകുന്നേരമാണ്
- ഒറ്റ ഇരിപ്പിൽ ദീർഘനേരം ഇരിക്കരുത്
- നിശ്ചിത പാഠഭാഗം പഠിച്ചിട്ടെ വിശ്രമിക്കാവു
- മറ്റുള്ളവർക്ക് വേണ്ടി പഠിക്കരുത്
- മനസ്സിനെ ശാന്തമാക്കിയട്ടെ പഠിക്കാവൂ
- നിവർന്നിരുന്ന് പഠിക്കുക
- ഉറക്കെ വായിക്കുന്നത് നല്ലതാണ്
- നടന്ന് പഠിക്കുമ്പോൾ ഉറക്കം വരില്ല
- കൃത്യമായ ഒരു ടൈം ടേബിൾ ശീലിക്കുക
- നല്ല കൈയ്യക്ഷരം ശീലിക്കുക
- ആത്മവിശ്വാസം ഉണ്ടായിരിക്കുക
- സർവോപരി അച്ചടക്കം പാലിക്കുക



ഐഷാ റഫീക്ക്

# വായനയും ഞാനും



അക്ഷരം കൂട്ടിവായിക്കാൻ പഠിച്ചപ്പോൾ മുതൽ വായനയിൽ ഉള്ള കമ്പവും ഏറിവന്നു. പക്ഷേ പുസ്തകങ്ങൾ സുലഭം അല്ലായിരുന്നു .അതിനാൽ വീട്ടിൽ ശർക്കരയും മറ്റ് പലവ്യഞ്ജനങ്ങളും പൊതിഞ്ഞു കിട്ടിയിരുന്ന പത്ര

സി. ലില്ലിഫ്രാൻസിസ്

കടലാസുകൾ കൊതിയോടെ വായിച്ചു പോന്നു. മാത്രമല്ല ശർക്കരയുടെ നനവു പടർന്ന അക്ഷരം വ്യക്തമാകാത്ത പേജ് പോലും പ്രകാശത്തിന് നേരെ പിടിച്ച് കഷ്ടപ്പെട്ട് വായിച്ചത് ഓർക്കുമ്പോൾ ഇന്ന് ചിരിവരും. വിവിധ തരത്തിൽ ലഭിച്ചിരുന്ന ചെറിയ തുകകൾ കൂട്ടിവെച്ച ലഘുകൃതികൾ മേടിച്ച് വായിക്കുന്നത് എനിക്കൊരു ഹരമായിരുന്നു. പുതിയവ കിട്ടാത്തപ്പോൾ എല്ലാം ശമിപ്പിക്കാനായി ഞാൻ വായിച്ചു തന്നെ ചർവ്വിതചർവ്വണം ചെയ്തിരുന്നു. പുസ്തകങ്ങൾ ഒന്നും നശിപ്പിക്കാതെയും ചീത്ത ആകാതെ സൂക്ഷിക്കുന്ന ശീലവും കൊച്ചിലെ മുതൽ ഉണ്ടായിരുന്നതിനാൽ ആവാം വലിയ നിധി പോലെ സൂക്ഷിച്ചു അവധിക്കാലങ്ങളിൽ അതിനടുത്തു പോയിരുന്നു വായിച്ചു വായിച്ച് രസിച്ചിരുന്നു. അങ്ങനെ വിജ്ഞാനവും വിനോദവും ഒന്നിനൊന്ന് ലഭിച്ചു വന്നു. ഇന്ന് ഹൈസ്കൂൾ മലയാള അധ്യാപികയായി നിൽക്കുമ്പോഴാണ് അന്ന് വായിച്ചതിന്റെ ഗുണമേന്മ മനസ്സിലാകുന്നത്. ബൈബിൾ മാത്രമല്ല രാമായണ മഹാഭാരത കഥകൾ എല്ലാം മനസ്സിൽ അട്ടിയട്ടിയായി ഇരിപ്പുണ്ട് അവസരോചിതമായി എടുത്ത് വിളമ്പുകയേവേണ്ടു. ഇന്ന് വായനയിലൂടെ ലഭിക്കുന്ന ഹൃദയാനന്ദം മറ്റൊന്നും തരാൻ ആവില്ല എന്നാണ് എൻറെ അഭിമതം.

പ്രിയ കുട്ടികളെ, നിങ്ങൾ വളരെ ഭാഗ്യമുള്ളവരാണ് . പുസ്തകങ്ങുളളിൽ മാത്രമല്ല ഡിജിറ്റൽ യുഗത്തിൽ ജനിച്ചു വീഴാൻ കഴിഞ്ഞവർ സർവ്വവിജ്ഞാനകോശം കൈപ്പിടിയിൽ സെക്കൻഡുകൾ കൊണ്ട് ഒതുക്കാൻകഴിയുന്നവർ അതിനാൽ അക്ഷര വിദ്യയുടെ മാസ്മരിക മന്ത്രശക്തിറഞ്ഞ് അനുഭവിച്ച് അത് ആസ്വദിക്കാൻ നിങ്ങൾക്കു ആകട്ടെ. ആ മധു നുകരുന്നതിനുള്ള നല്ലൊരു തട്ടകമാണല്ലോ ഈ ഡിജിറ്റൽ സംരംഭം. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും സർവ്വ ഭാവുകങ്ങളും നന്മകളും നേർന്നുകൊണ്ട്.



# സ്കൂൾ പ്രവർത്തനങ്ങൾ

## ഔട്ട് റീച്ച് പ്രോഗ്രാം

